# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

***പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-*** 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 ജൂലൈ 20**

---

## സേ പരീക്ഷ വിജയിച്ചവർക്ക് ഓണേഴ്സ് ബിരുദ പ്രോഗ്രാമുകൾക്ക് അപേക്ഷിക്കാം

*ഈ വർഷം പ്ലസ് ടു സേ പരീക്ഷ വിജയിച്ചവർക്ക് എം ജി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിലെ നാലു വർഷ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളിൽ പ്രവേശനത്തിന് ജൂലൈ 25നു രാവിലെ പത്തുവരെ അപേക്ഷിക്കാം.*

*ഇതിനായി* cap.mgu.ac.in *എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യാം. വിവിധ കോളേജുകളിലെ ഒഴിവുകൾ വെബ് സൈറ്റിൽ ലഭ്യമാണ്.*
*(പി.ആർ.ഒ/39/1842/2025)*

## സപ്ലിമെൻററി അലോട്ട്മെന്റ്; അപേക്ഷ 25വരെ

*എം.ജി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ ഓണേഴ്സ് ബിരുദ പ്രവേശനത്തിനുള്ള സപ്ലിമെൻററി അലോട്ട്മെൻറിന് ജൂലൈ 25ന് രാവിലെ പത്തുവരെ ഓൺലൈൻ രജിസ്ട്രേഷൻ* cap.mgu.ac.in*നടത്താം.*

*പട്ടികജാതി പട്ടികവർഗ വിഭാഗക്കാർക്കും മറ്റ് സംവരണ വിഭാഗങ്ങളിൽ പെട്ടവർക്കുമായി സംവരണം ചെയ്യപ്പെട്ട സീറ്റുകൾ സപ്ലിമെൻററി അലോട്ട്മെൻറിൽ നിയമാനുസൃതം പൊതു വിഭാഗത്തിലേക്ക് മാറ്റുന്നതാണ്.*

*(പി.ആർ.ഒ/39/1843/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**